**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 237** **13-10-2021 - ൽ മറുപടിയ്ക്ക്**

**ജലസേചന പദ്ധതികൾ നവീകരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി** | | **Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്തെ കാർഷിക മേഖലയ്ക്കും ഒരു പരിധിവരെ കുടിവെള്ള പ്രശ്നത്തിനും സഹായകരമായ ജലസേചന പദ്ധതികൾ നവീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ; | (എ) | വിവിധ ജലസേചന പദ്ധതികൾക്കായി എല്ലാ വർഷവും പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി മുൻഗണനാക്രമം കണക്കാക്കി പദ്ധതികൾക്കാവശ്യമായ നവീകരണ പ്രവൃത്തികൾ നടത്തി വരുന്നു. കൂടാതെ 2018-2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ തകർന്ന ആസ്തിവകകളുടെ പുനർനിർമ്മാണ പ്രവൃത്തികൾ SDRF, RKIഎന്നീ ഫണ്ടുകൾ ഉപയോഗിച്ച് നിർവ്വഹിച്ചു വരുന്നുണ്ട്. അണക്കെട്ടുകളുടെ അഭിവൃദ്ധിപ്പെടുത്തലിനാവശ്യമായ പ്രവൃത്തി കൾ DRIP മുഖേന നടത്തി വരുന്നുണ്ട്. വിവിധ ജലസേചന പദ്ധതികളുടെ നവീകരണത്തിനും വിപുലീകരണത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പദ്ധതികൾ വിപുലീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (ബി) | നിലവിലുള്ള പദ്ധതികൾ വിപുലീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; | (ബി) | വിവിധ ജലസേചന പദ്ധതികൾക്കായി എല്ലാ വർഷവും പ്ലാൻ, നോൺ പ്ലാൻ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി മുൻഗണനാക്രമം കണക്കാക്കി പദ്ധതികൾക്കാവശ്യമായ നവീകരണ പ്രവൃത്തികൾ നടത്തി വരുന്നു. കൂടാതെ 2018-2019 വർഷങ്ങളിൽ ഉണ്ടായ പ്രളയത്തിൽ തകർന്ന ആസ്തിവകകളുടെ പുനർനിർമ്മാണ പ്രവൃത്തികൾ SDRF, RKIഎന്നീ ഫണ്ടുകൾ ഉപയോഗിച്ച് നിർവ്വഹിച്ചു വരുന്നുണ്ട്. അണക്കെട്ടുകളുടെ അഭിവൃദ്ധിപ്പെടുത്തലിനാവശ്യമായ പ്രവൃത്തി കൾ DRIP മുഖേന നടത്തി വരുന്നുണ്ട്. വിവിധ ജലസേചന പദ്ധതികളുടെ നവീകരണത്തിനും വിപുലീകരണത്തിനും സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധമായി ചേർത്തിരിക്കുന്നു. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് |

| | | | |
|---|---|---|---|
| | | | പദ്ധതികൾ വിപുലീകരിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്. |
| (സി) | പുതിയ ജലസേചന പദ്ധതികൾ ആരംഭിക്കാൻ എന്തെങ്കിലും നടപടിയുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | (സി) | വയനാട് ജില്ലയിൽ കബനി ബേസിനിലെ വിവിധതോട്ടകളിൽ/ അരുവികളിൽ ഏഴ് ഇടത്തരം പദ്ധതികൾ വിഭാവനം ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടമായി കടമൻതോട്, തൊണ്ടാർ എന്നീ പദ്ധതികൾക്കായി DPR തയ്യാറാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ ചാലക്കുടി ബേസിനിൽ കാരപ്പാറ അരുവിയിൽ അണക്കെട്ട് നിർമ്മിച്ച് മഴനിഴൽ പ്രദേശങ്ങളിലേക്ക് ജലം എത്തിക്കാൻ കുരിയാർകുറ്റി കാരപ്പാറ പദ്ധതിക്ക് സുസ്ഥിരബദൽ (SAKKIP) പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. ഭവാനി ബേസിനിൽ ശിരുവാണി നദിക്കു കുറുകെ അണക്കെട്ട് നിർമ്മിച്ച് ജലസേചനം സാധ്യമാക്കുന്നതിന് അട്ടപ്പാടിവാലി ജലസേചന പദ്ധതിയുടെ DPR തയ്യാറാക്കിയിട്ടുണ്ട്. പാമ്പാർ പ്രോജക്റ്റുകളിൽ ഉൾപ്പെടുത്തി ചെങ്കലാർ സ്കീമിൽപ്പെട്ട പട്ടിശ്ശേരി ഡാമിന്റെ അനുബന്ധപണികൾ നടന്നു വരുന്നു. തലയാർ സ്കീമിൽപ്പെട്ട ലോവർ ചട്ടമൂന്നാർ ഡാമിന്റെ രൂപകൽപ്പനയ്ക്കു വേണ്ടിയുള്ള മണ്ണ് പര്യവേഷണ ജോലികളുടെ റിപ്പോർട്ടും മറ്റ് വിശദാംശങ്ങളും തയ്യാറാക്കിയിട്ടുണ്ട്. വട്ടവട സ്കീമിൽപ്പെടുത്തി ഒറ്റമരം ഡാം നിർമ്മാണത്തിനായുള്ള പ്രാരംഭ സർവ്വേ ജോലികൾ പൂർത്തിയായി. നിർദ്ദിഷ്ട സ്ഥലത്ത് മണ്ണ് പരിശോധിച്ച് നിർദ്ദേശ ങ്ങൾ നൽകുന്നതിനായി ജിയോളജിക്കൽ സർവ്വേ ഓഫ് ഇൻഡ്യയോട് ആവശ്യപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ചിറ്റൂർപ്പുഴ പദ്ധതിയിൽ മൂലത്തറ വലതുകര കനാൽ കോരയാർ മുതൽ വരട്ടയാർ വരെയും വരട്ടയാർ മുതൽ വേലന്താവളം വരേയും ദീർഘിപ്പിക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ KIIDC മുഖേന പുരോഗമിച്ചുവരുന്നു.

ലോകബാങ്ക് സഹായത്തോടെ കേന്ദ്രജല കമ്മീഷന്റെ മേൽനോട്ടത്തിൽ ഡാം റീഹാബിലിറ്റേഷൻ ആന്റ് ഇംപ്രൂവ്മെന്റ് പ്രോജക്ട് (ഡ്രിപ്പ്) പദ്ധതിയുടെ ഒന്നാം ഘട്ടം ആരംഭിക്കുകയും ഡാമുകളുടെ സിവിൽ, മെക്കാനിക്കൽ, ഇലക്ട്രിക്കൽ പ്രവൃത്തികളുടെ പ്രധാനപ്പെട്ട പുനരുദ്ധാരണപണികൾ ഏറ്റെടുക്കുകയും ചെയ്തു. 2021 മാർച്ച് 31ന് ഡ്രിപ്പ് ഒന്നാം ഘട്ടം അവസാനിച്ചു. ഒന്നാം ഘട്ടത്തിൽ ഏറ്റെടുത്ത 16 ഡാമുകളുടെ (നെയ്യാർ, പീച്ചി, വാളയാർ, കുറ്റ്യാടി, കാഞ്ഞിരപ്പുഴ, ചിമ്മിനി, മലങ്കര, കല്ലട, പോത്തുണ്ടി, മലമ്പുഴ, വാഴാനി, മീങ്കര, ചുള്ളിയാർ, പഴശ്ശി ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, മൂലത്തറ റെഗുലേറ്റർ) പുനരുദ്ധാരണ പ്രവൃത്തികളിൽ 13 ഡാമുകളിലെ (നെയ്യാർ, കല്ലട, പീച്ചി ഒഴികെ) പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇതിലേയ്ക്കായി നാളിതുവരെ 274 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 13 Vent ways ഉണ്ടായിരുന്ന മൂലത്തറ റെഗുലേറ്ററിൽ ഡ്രിപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി 6 additional Vent ways നിർമ്മിച്ചത് ഒരു പ്രധാനനേട്ടമാണ്.

പ്രസ്തുത പദ്ധതിയുടെ രണ്ടാം ഘട്ടത്തിന് (2020-2026) 240 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നെയ്യാർ ഡാം, മലമ്പുഴ ഡാം, വാളയാർ ഡാം, കുറ്റ്യാടി ഡാം, കാഞ്ഞിരപ്പുഴ ഡാം, മലങ്കര ഡാം, കല്ലട ഡാം, പോത്തുണ്ടി ഡാം, മീങ്കര ഡാം, ചുള്ളിയാർ ഡാം, കാരാപ്പുഴ ഡാം, മംഗലം ഡാം, പഴശ്ശി ബാരേജ്, ഭൂതത്താൻകെട്ട് ബാരേജ്, പമ്പ-മണിയാർ ബാരേജ് എന്നിവയാണ് രണ്ടാം ഘട്ടത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. 40 കോടി രൂപയാണ് ഡ്രിപ്പ് രണ്ടാം ഘട്ടത്തിന്റെ ഈ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതം. ഈ സാമ്പത്തിക വർഷം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(1). കുറ്റ്യാടി ഡാമിന്റെ കോൺക്രീറ്റ് സ്ട്രക്ച്ചറിനെ ബലപ്പെടുത്തുന്ന പ്രവൃത്തികൾ, കാരാപ്പുഴ ഡാമിന്റെ പുനരുദ്ധാരണം, കാഞ്ഞിരപ്പുഴ ഡാമിന്റെ പുനരുദ്ധാരണം:- ടെണ്ടർ നടപടികൾ നടന്നുവരുന്നു.

(2). മലങ്കര ഡാമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ, മണിയാർ ബാരേജിന്റെ പുനരുദ്ധാരണം, കല്ലട ഡാമിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ:- സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(3). ഡ്രിപ്പ് ഫേയ്സ്-1ൽ പൂർത്തിയാക്കാൻ സാധിക്കാത്ത 3 ഡാമുകളിലെ (നെയ്യാർ, കല്ലട, പീച്ചി) ശേഷിക്കുന്ന പണികൾ:- പുരോഗമിക്കുന്നു.

പീച്ചി പദ്ധതിയുടെ അറ്റകുറ്റ പണികളും മറ്റു പ്രവൃത്തികളും വർഷാവർഷം നോൺപ്ലാൻ ശീർഷകത്തിലെ ബഡ്ജറ്റ് വിഹിതം ഉപയോഗപ്പെടുത്തി നടപ്പിലാക്കി വരുന്നു.

ചീഫ് എഞ്ചിനീയർ പദ്ധതി വിഭാഗം 2-ന്റെ കാര്യാലയത്തിനു കീഴിൽ വരുന്ന ഡാമുകളുടെയും കനാലുകളുടേയും അറ്റകുറ്റപണികൾ ആക്ഷൻ പ്ളാനിലുൾപ്പെടുത്തി നടത്തി വരുന്നു. കനാലിലൂടെയുള്ള ജലവിതരണം ടേൺ സിസ്റ്റത്തിൽ അതാത് പഞ്ചായത്തിലെ കൃഷി ഓഫീസർമാരുമായി ആലോചിച്ച് ശാസ്ത്രീയാടിസ്ഥാനത്തിൽ നടത്തിവരുന്നു. നെയ്യാർഡാമിൽ നിന്നുള്ള ജലം കുടിവെള്ള ആവശ്യത്തിനായി കനാൽ മാർഗ്ഗം കരമന നദിയിൽ എത്തിക്കുന്നതിനുള്ള സർവ്വേ ജോലികൾ പുരോഗമിച്ചുവരുന്നു.

കൂടാതെ ഇറിഗേഷൻ കനാലുകളുടെ അറ്റകുറ്റപ്പണികൾ നടത്തി ജലവിതരണം വാലറ്റംവരെ എത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. കൂടാതെ എം.വി.ഐ.പി-യുടെ കീഴിൽ കാഡ പദ്ധതികൾ വഴി കൂടുതൽ കൃഷി സ്ഥലത്തേയ്ക്ക് വെള്ളമെത്തിക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്. ഇടമലയാർ ജലസേചന പദ്ധതിയുടെ വിപുലീകരണവുമായി ബന്ധപ്പെട്ട ലിങ്ക് കനാൽ നിർമ്മാണത്തിന്റെയും കാഞ്ഞൂർ തെക്കുംഭാഗം ബ്രാഞ്ച് കനാലിന്റെയും സാധ്യത പരിശോധിച്ചുവരുന്നു.